**ജനകീയസൂത്രണ പരിപാടിയും കൃഷി - കൃഷി അനുബന്ധ മേഖലകളുടെ വികസനവും.നേട്ടങ്ങൾ, കുറവുകൾ, മുന്നോട്ടുള്ള സാധ്യതകൾ**

**പരിപാടി ആർജ്ജിച്ച നേട്ടങ്ങൾ**:

കാർഷിക മേഖലയിലെ പ്രാദേശിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ഏകമാർഗ്ഗമായി ജനകീയ സൂത്രണ പദ്ധതികൾ മാറി.

അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞു. (പാടശേഖരങ്ങളുടെ പുറംബണ്ട്നിർമ്മാണം, ജലസേചന സൗകര്യങ്ങൾ,പമ്പ് സെറ്റ്, ജല സ്രോതസ്സുകളുടെ നിർമ്മാണവും വികസനവും, സൂക്ഷ്മ ജലസേചനം മഴനറ നിർമ്മാണം സംഭരണശാലകൾ, യന്ത്രങ്ങളും കാർഷികോപകരണങ്ങളും വാങ്ങൽ കൃഷിഭവൻ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട് )

വിത്തുകളുടെയും തൈകളുടെയും മറ്റ് നടീൽ വസ്തുക്കളുടെയും പ്രാദേശിക ഉത്പാദനത്തെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്( പച്ചക്കറി തൈ, ഫലവൃക്ഷതൈകൾ )

ഏറ്റവും താഴെത്തട്ടിലെ പ്രാദേശിക സംവിധാനങ്ങളുടെ ഏകോപനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം,ഫിഷറീസ്,ക്ഷീരവികസനം, സഹകരണം വകുപ്പുകളുടെ പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യാനും നയിക്കുവാനും കഴിഞ്ഞു. എന്നാൽ മേൽത്തട്ടിലേക്ക് എത്തുമ്പോൾ പൂർണ്ണമായി ഏകോപനം ഉറപ്പാക്കുവാൻ കഴിയുന്നില്ല എന്ന പരിമിതി നിലനിൽക്കുന്നു.

ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്
( നടീൽ വസ്തുക്കൾ, അടിസ്ഥാന സൗകര്യ വികസനം, ഭൂമി വികസനം, യന്ത്രവൽകൃത കൃഷിയിലെ വിദഗ്ധ തൊഴിൽ, നടീൽ, കാർഷിക പരിപാലന പ്രവർത്തനങ്ങൾ, കൊയ്ത്ത്, സംസ്കരണം...)

വിളകളുടെ പോഷണത്തിനും സംരക്ഷണത്തിലും ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്
( ഉദാ :മണ്ടരിയ്ക്കെതിരെ മരുന്നു തളി, കുമ്മായം ,ജൈവ വളം, രാസവളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം)

കർഷകർക്ക് വഹിക്കേണ്ടി വരുന്ന കൃഷിയിലെ ആകെ ചെലവ് കുറയ്ക്കുന്നതിനു സബ്സിഡികൾ മുഖേന കഴിഞ്ഞിട്ടുണ്ട്. (ഉദാ : നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയിലെ കൂലിചെലവ് സബ്സിഡി)

ജനകീയമായ ഗുണഭോക്ത തെരഞ്ഞെടുപ്പ് എടുത്തു പറയേണ്ടതാണ് ( ഗ്രാമ സഭകൾ..)

സംയോജിത കൃഷിക്ക് പ്രോത്സാഹനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്
( ഉദാ : ഹരിത ഗൃഹം...)

കാർഷിക രീതികളും സമ്പ്രദായവും ജനങ്ങൾക്ക് മനസ്സിലാക്കുന്നതിന് പ്രദർശന തോട്ടങ്ങൾ ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

യന്ത്രവൽകൃത-കൃഷിക്ക് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.
( യന്ത്രങ്ങൾ വാങ്ങൽ, കാർഷിക കർമ്മ സേനകൾ..)

പൊതു പ്രവർത്തകരുടെ ആസൂത്രണ - സംഘാടന മികവും ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സാങ്കേതികവൈദഗ്ദ്യവും ഫലപ്രദമായി വിളക്കി ചേർത്ത് മാതൃകകൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്.
( കുന്നത്തുകാൽ, കഞ്ഞിക്കുഴി, മയ്യിൽ, പെരുമാട്ടി, മീനങ്ങാടി, നൂറനാട്, വടക്കാഞ്ചേരി, കരകുളം, നെടുമങ്ങാട്, കുലശേഖരപുരം, പള്ളിയാക്കൽ....)

കാർഷിക മേഖലയിലെ സംഘകൃഷിക്ക് നൽകിയ പ്രോത്സാഹനം (പൊതു ഞാറ്റടി, സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട്..) പരിപാടിയുടെ മുഖ മുദ്രയാണ്

വനിതാ മേഖലയിൽ ഫലപ്രദമായ ഇടപെടൽ (കുടുംബശ്രീ മുഖേന.) നടത്താൻ കഴിഞ്ഞു. .

**വന്നിട്ടുള്ള പോരായ്മകൾ**

ആസൂത്രണത്തിലെ മികവ് നിർവഹണത്തിൽ പലപ്പോഴും കാഴ്ചവയ്ക്കാനായില്ല.
ഒട്ടേറെ ആസ്തികൾ നിർമ്മിക്കാൻ ആയെങ്കിലും അവയെ നിലനിർത്താൻ പ്രാദേശിക സംവിധാനങ്ങൾ ഒരുക്കുന്നതിൽ പാളിച്ചകൾ സംഭവിച്ചു.

അച്ചിൽ വാർത്ത പദ്ധതികളും ആവർത്തനവും ( ഇതിനെ മറികടക്കാൻ നൂതന പദ്ധതികൾ എന്ന ആശയം കൊണ്ടുവന്നെങ്കിലും ഇത് മറികടക്കാൻ ആകുന്നില്ല)

സമയബന്ധിതമായി പദ്ധതികൾ തുടങ്ങുന്നതിന് വന്ന പാളിച്ച മൂലം പലപ്പോഴും കാർഷിക പദ്ധതികളിൽ ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടായില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വശേഷി യും ഇച്ഛാശക്തിയും കുറയുന്ന ഇടങ്ങളിലെല്ലാം പദ്ധതി ആസൂത്രണവും നിർവഹണവും പാളി പോകുന്നു.

പ്രാദേശിക രാഷ്ട്രീയ /പൊതുപ്രവർത്തകരുടെ ഇടപെടൽ മൂലം ശരിയായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സാധ്യമാകുന്നില്ല.
( ഗ്രാമസഭകളിലെ പങ്കാളിത്തക്കുറവ് )

ജലസേചന മേഖലയെ പൂർണമായി കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി വിളക്കി ചേർക്കാൻ കഴിഞ്ഞില്ല

പദ്ധതികൾക്ക് പലപ്പോഴും ഹ്രസ്വകാല ലക്ഷ്യങ്ങൾ മാത്രം - വിശാലക്ഷ്യങ്ങൾ അപ്രസക്തം

അടിസ്ഥാന സൗകര്യങ്ങളുടെയും ആസ്തികളുടെയും മേൽനോട്ടവും മരാമത്തും ഫലപ്രദമായി നടപ്പിലാക്കാനായില്ല.
കാർഷിക മേഖലയിലെ ഉൽപാദനവും ഉൽപാദന ക്ഷമതയും ലക്ഷ്യമിട്ടെങ്കിലും കൈവരിച്ച നേട്ടങ്ങളെ കൃത്യമായി രേഖപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

മത്സ്യകൃഷി മേഖലയിലെ സാധ്യതകൾ പൂർണ്ണമായി കാർഷിക മേഖലയുമായി സംയോജിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ ഇടപെടൽ കാർഷിക മേഖലയിൽ കുറവ്- മികച്ച മാതൃകകൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ല.
കാർഷിക മേഖലയിൽ നടപ്പിലാക്കിയ വനിത ഘടക പദ്ധതികൾ ഉദ്ദേശിച്ച ശാക്തീകരണം സ്ത്രീ പദവിയിൽ ഉണ്ടാക്കിയില്ല. പേരിൽ മാത്രം വനിത ആയ ജനറൽ പ്രോജക്ട്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

സംസ്കരണം മൂല്യ വർദ്ധന സംരംഭങ്ങൾ എന്നിവയിൽ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല.

2018 ന് ശേഷം ഉണ്ടായ സാമ്പത്തിക പരിമിതികൾ കാർഷിക മേഖലയിലെ ഫണ്ടുവകയിരുത്തലിലും, വിതരണത്തിലും കുറവു വരുത്തിയിട്ടുണ്ട്.

പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല.

**മുന്നോട്ടുള്ള സാധ്യതകൾ :**

Populist / universal പദ്ധതികളിൽ നിന്ന് മാറി കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് പദ്ധതി ഒരുക്കണം.

Spatial planning കൂടി ഉപയോഗപ്പെടുത്തി പദ്ധതി തയ്യാറാക്കണം.

ഓരോ പ്രാദേശിക സർക്കാരും അവരുടെ അധികാര പരിധിയിലെ ആസൂത്രണ പ്രക്രിയയ്ക്കു സഹായകരമായ രീതിയിൽ വിഭവ അവലോകനം (Resource appraisal ) ശാസ്ത്രീയമായി കാലികമാക്കണം.

പുതിയ തലമുറ ഉദ്യോഗസ്ഥർക്ക് പദ്ധതികളുടെ ആസൂത്രണവും നിർവാണവും സംബന്ധിച്ച പരിശീലനം തുടർച്ചയായി നൽകണം.
ഇതിനെല്ലാം ഫലപ്രദമായി നേതൃത്വം വഹിച്ച KILA യുടെ പങ്ക് ഇതിൽ നിർണ്ണായകമാണ്.

കാർഷിക മേഖലയിലെ വരുമാന വർദ്ധനവിന് സംസ്കരണവും മൂല്യ വർദ്ധന സംരംഭങ്ങളും ലക്ഷ്യമിടണം.

സംഘകൃഷിയുടെ പുതിയ മാതൃകയായ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളെ ( FPO) പ്രോത്സാഹിപ്പിക്കണം

വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്ന പ്രാദേശിക ഡയറക്ടറേറ്റുകൾ ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറണം.

Convergence സാധ്യമാകുന്ന പദ്ധതികൾക്ക് കൂടുതൽ പരിഗണന നൽകണം.
ഇതിനു ആദ്യമായി ആസൂത്രണ പ്രക്രിയയുടെ സമയക്രമം ഏകീകരിക്കപ്പെടണം.

ഒരു വിള ഒരു പദ്ധതിയിലേക്ക് മാറി ഫണ്ട് പൂളിങ് സാധ്യമാക്കണം.

ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിന് പ്രാമുഖ്യം നൽകണം.( Hi tech Agriculture, aquaponics, soilless farming, drone based management….) സാങ്കേതിക

വിദ്യകളുടെ ഉപയോഗം, ശാസ്ത്രീയത കൂടുതൽ ഉൽപ്പാദന ക്ഷമത വഴി കൂടുതൽ വരുമാനം എന്നതിലൂടെ യുവാക്കളെ ഈ മേഖലയിലേക്ക് aakarshikkanak

വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ പ്രദർശന തോട്ടങ്ങൾ കൂടുതലായി ഉണ്ടാകണം. ഇവിടെ വകുപ്പുകളുടെ പിന്തുണയോടെ ഫാം സ്കൂളുകൾ നടത്തണം, പുതിയ തലമുറയെ കൃഷിയും കൃഷി രീതികളും പഠിപ്പിക്കണം.

പ്രാദേശിക സാമ്പത്തിക വികസനം കൃത്യമായി ലക്ഷ്യമിടണം. വ്യവസായ വകുപ്പിന്റെ പിന്തുണ സംവിധാനം ഉറപ്പാക്കണം.

നൂതന പദ്ധതികൾ- മാനദണ്ഡങ്ങൾ മറികടക്കുന്നതിനെ നിയന്ത്രിക്കണം, കൃത്യമായി ഏറ്റെടുക്കാൻ കഴിയണം

പദ്ധതികളുടെ ജനകീയത നിലനിർത്താൻ കഴിയണം

പദ്ധതികളെ ഓഡിറ്റ് ചെയ്യുമ്പോൾ രേഖകളോടൊപ്പം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തപ്പെടണം.

**Working group** തന്നെ ആസൂത്രണവും മോണിറ്ററിങ്ങും നടത്തുന്നത് ഒഴിവാക്കി, monitoring committee പ്രത്യേകമാക്കണം.

സംരംഭകത്വ വികസനം പദ്ധതിയുടെ ഭാഗമാകണം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അഞ്ചുവർഷത്തേക്കുള്ള ഒരു ദീർഘകാല പദ്ധതിയും ഷെൽഫ് ഓഫ് പ്രോജക്സും, സ്റ്റേറ്റ് പ്ലാനിനോടൊപ്പം തയ്യാറാക്കണം

R& D സ്ഥാപനങ്ങളുടെ പങ്കാളിത്തം ആവശ്യമെങ്കിൽ പദ്ധതികളിൽ ഉറപ്പാക്കണം.

മേഖലയിലെ പദ്ധതികളിൽ ഉൽപാദന ക്ഷമത മുഖ്യ ലക്ഷ്യമാകണം.

സഹകരണ മേഖലയുടെ പ്രാതിനിധ്യം പദ്ധതികളിൽ ഉറപ്പാക്കണം.

ജി കെ മണിവർണൻ